പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2564 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി, ഭവനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട് എന്നത് അറിയിക്കാമോ;

മറുപടി: ബേപ്പൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1 4 7 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ബേപ്പൂർ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 2 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ഇല്ല.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭവനം ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്;

മറുപടി: ബേപ്പൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1 8 1 കുടുംബങ്ങൾക്ക് സ്വന്തമായി ഭവനം ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 2 കുടുംബങ്ങൾക്ക് സ്വന്തമായി ഭവനം ഇല്ല.

(സി) ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

മറുപടി: നടപ്പ് സാമ്പത്തിക വർഷം മുതൽ പട്ടികജാതി വികസന വകുപ്പ് നേരിട്ട് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി, അർഹത പരിശോധിച്ച വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിലും ഭവന നിർമ്മാണ പദ്ധതിയിലും ഉൾപ്പെടുത്തി ഭൂമിയും ഭവനവും അനുവദിക്കാൻ കഴിയുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭൂരഹിതർക്ക് ഗ്രാമപഞ്ചായത്തുകളിൽ 5 സെന്റ് ഭൂമി വരെ വാങ്ങി നൽകുന്നതിന് 375000/-രൂപയും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 3 സെന്റ് ഭൂമി വരെയും വാങ്ങി നല്കുന്നതിന് യഥാക്രമം ₹450000/-, 600000/- അനുവദിക്കുന്നതിന് പദ്ധതി നിലവിലുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരായ ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപ്പ് വർഷം മുതൽ പുതിയ പദ്ധതി നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങൾ മേൽപ്പറഞ്ഞ പദ്ധതി ആനുകൂല്യത്തിന് അർഹരാണെങ്കിൽ, ടി പദ്ധതി പ്രകാരം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ